Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 28.7.2018

*Ref: 624/KCBC/K-6/KPR/DS*

**വനിതാകമ്മീഷൻ ശുപാർശ: കെസിബിസി പ്രധാനമന്ത്രിക്കും ആഭ്യന്തരമന്ത്രിക്കും നിവേദനം സമർപ്പിച്ചു**

കുമ്പസാരം നിരോധിക്കണമെന്ന ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷയുടെ റിപ്പോർട്ടു സംബന്ധിച്ച് കെസിബിസി പ്രധാനമന്ത്രിക്കും കേന്ദ്രആഭ്യന്തരമന്ത്രിക്കും നിവേദനം സമർപ്പിച്ചു.

പുരോഹിതന്മാരോടു കുമ്പസാരിക്കുന്ന സ്ത്രീകൾ പുരോഹിതന്മാരാൽ ലൈംഗികമായി ദുരുപയോഗിക്കപ്പെടാം എന്നാണ് വനിതാ കമ്മീഷൻ അധ്യക്ഷ അഭിപ്രായപ്പെടുന്നത്. അടുത്തകാലത്ത് ഒരു ക്രൈസ്തവ സഭയിലെ നാലു പുരോഹിതന്മാർ വിവാഹിതയായ ഒരു സ്ത്രീയെ ബ്ലാക്ക്മെയിൽ ചെയ്യുകയും ആ സ്ത്രീ കുമ്പസാരത്തിൽ പറഞ്ഞത് വെളിപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ട് ലൈംഗികമായി ദുരുപയോഗിക്കുകയും ചെയ്ത സംഭവത്തിന്റെ സാഹചര്യത്തിലാണ് താൻ ഇങ്ങനെ ശുപാർശ ചെയ്യുന്നതെന്ന് അവർ പറയുന്നു. താൻ കേരളം സന്ദർശിച്ചുവെന്നും പീഡനത്തിന് ഇരയായ സ്ത്രീയെ സന്ദർശിച്ചുവെന്നും കമ്മീഷൻ അധ്യക്ഷ അവകാശപ്പെടുന്നു .

ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. അതായത് അത്തരമൊരു പരാതിയുടെ അടിസ്ഥാനത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും കേസ് ഇപ്പോഴും അന്വേഷണഘട്ടത്തിലാണ്. പോലീസിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ നിഗമനങ്ങളിൽ എത്തിച്ചേരുകയെന്നത് ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷയെ സംബന്ധിച്ചിടത്തോളം തികച്ചും അനുചിതവും അപക്വവുമാണ്. പരാതി സത്യമാണെന്നു കാണുകയും ഒരു ദ്രോഹം സംഭവിച്ചതായി സ്ഥാപിക്കപ്പെടുകയും ചെയ്താൽ കുറ്റവാളിക്ക് ഈ രാജ്യത്തിന്റെ നിയമമനുസരിച്ച് കഠിനവും മാതൃകാപരവുമായ ശിക്ഷ നല്കണം. അന്വേഷണം പോലീസാണു നടത്തേണ്ടത്. കോടതിയാണ് കേസുവിസ്താരം നടത്തേണ്ടത്. ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ അവരുടെ ജോലിയിലേക്ക് കടന്നുകയറാൻ അനുവദിക്കരുത്. കുറ്റാരോപണം ആത്യന്തികമായി തെളിയിക്കപ്പെട്ടാൽ, കുറ്റക്കാരെ സഭയുടെ നിയമമനുസരിച്ച് അവർ ഉൾപ്പെടുന്ന സഭകളും നടപടി സ്വീകരിച്ചുകൊള്ളും. പോലീസിന്റെ അന്വേഷണത്തെ ഇന്ത്യയിലെ ഒരു സഭയും എതിർക്കുകയോ തടയുകയോ ചെയ്തിട്ടില്ല. നേരേമറിച്ച് കേസിന്റെ അന്വേഷണത്തിൽ സഹായിക്കാമെന്നും സഹകരിക്കാമെന്നും സഭയുടെ അധികാരികൾ ഉറപ്പു നല്കിയിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യത്തിൽ ക്രൈസ്തവ വിശ്വാസത്തെയും വിശ്വാസാഭ്യസനത്തെയും നിന്ദിച്ചുകൊണ്ട് കേരളത്തിൽ പത്രസമ്മേളനം നടത്താൻ കമ്മീഷൻ അധ്യക്ഷ ധൃതി കാണിച്ചതെന്തിന്? കുമ്പസാരമെന്ന വിശുദ്ധ കൂദാശയെ നിരോധിക്കാൻ ശുപാർശ ചെയ്യുന്നതിന്റെ

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

ആവശ്യവും പ്രസക്തിയും എന്ത്? ക്രിസ്തീയ സഭകളെയും അവയുടെ മതാഭ്യസനങ്ങളുടെ പ്രതിഛായയെയും താറടിച്ചു കാണിക്കുകയെന്ന നിഗൂഢലക്ഷ്യം വനിതാ കമ്മീഷൻ അധ്യക്ഷയ്ക്ക് ഉണ്ടായിരുന്നതായി അവരുടെ പ്രവൃത്തിയും പെരുമാറ്റവും തോന്നിപ്പിക്കുന്നു. കമ്മീഷൻ അധ്യക്ഷയുടെ പ്രവൃത്തിയുടെയും പെരുമാറ്റത്തിന്റെയും പിന്നിൽ രാഷ്ട്രീയവും സാമുദായികവുമായ അജണ്ട ഉണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ അയാളെ കുറ്റപ്പെടുത്താനാവുകയില്ല.

കുമ്പസാരം അഥവാ ഏറ്റുപറച്ചിൽ ഒരു വിശുദ്ധ കൂദാശയാണ്. അത് ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമാണ്. ഇരുപതു നൂറ്റാണ്ടായി തുടർന്നുവരുന്ന മതാഭ്യസനമാണ്. കുമ്പസാരരഹസ്യം അഥവാ കുമ്പസാരമുദ്ര സൂക്ഷിക്കുകയെന്നത് പുരോഹിതനെ സംബന്ധിച്ചിടത്തോളം അലംഘ്യനീയമായ കടമയാണ്.

കേരളത്തിലെ വിവാഹിതയായ ഒരു സ്ത്രീയുടെ മുൻസൂചിപ്പിച്ച കുറ്റാരോപണമല്ലാതെ ഒരു പുരോഹിതൻ കുമ്പസാരരഹസ്യം വെളിപ്പെടുത്തിയതായി മറ്റൊരു സംഭവവും ഉണ്ടായിട്ടില്ല. നേരേമറിച്ച് കുമ്പസാരരഹസ്യം സൂക്ഷിച്ചതിന്റെ പേരിൽ ജീവിതം ബലിയർപ്പിക്കേണ്ടിവന്ന പുരോഹിതരെ ചരിത്രത്തിൽ കണ്ടുമുട്ടാവുന്നതാണ്. അത്തരമൊരു വിശുദ്ധാഭ്യസനത്തെയാണ് ചെളിവാരി എറിയാൻ ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ തിരഞ്ഞെടുത്തിരിക്കുന്നത്.

കുമ്പസാരമെന്ന വിശുദ്ധ കൂദാശയുടെ ദൈവശാസ്ത്രപരവും മനശ്ശാസ്ത്രപരവും ധാർമികവുമായ മാനങ്ങളെക്കുറിച്ച് ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷയ്ക്ക് ഒന്നും അറിഞ്ഞുകൂടാ. ഇതിനെ സംബന്ധിച്ച സഭയുടെ നിലപാട് വിശദീകരിക്കാൻ കഴിവുള്ള സഭാധികാരികളോടോ മറ്റുള്ളവരോടോ അവർ അന്വേഷണം നടത്തിയിട്ടില്ല. കുമ്പസാരാഭ്യസനം ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായിട്ടോ ഇന്ത്യൻ ഭരണഘടന ഗ്യാരന്റി ചെയ്തിട്ടുള്ള മതസ്വാതന്ത്ര്യത്തിന്റെ അഭ്യസനമായിട്ടോ അവർ കരുതുന്നില്ല. അംഗീ കരിക്കപ്പെട്ടാൽ ഭരണഘടന ഗ്യാരന്റി ചെയ്തിട്ടുള്ള മൗലികാവകാശത്തെ ലംഘിക്കുന്ന ഒരു ശുപാർശയാണ് അവർ ചെയ്തിട്ടുള്ളത്. കേരളത്തിൽ സംഭവിച്ച ഒറ്റപ്പെട്ട ഒരു ആരോപണത്തെ അടിസ്ഥാനപ്പെടുത്തി ക്രൈസ്തവ സഭകളെയും അവരുടെ മതാഭ്യസനങ്ങളെയും അപകീർത്തിപ്പെടുത്താനാണ് അവർക്ക് കൂടുതൽ താത്പര്യമെന്നു തോന്നുന്നു. അവർ ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷയ്ക്കുള്ള അധികാരങ്ങളെ അതിലംഘിച്ചിരിക്കുന്നു. അവരുടെ നിയമപ്രകാരമുള്ള അധികാരത്തിന് അപ്പുറം പോയിരിക്കുന്നു. അതുകൊണ്ട് അവരുടെ ശുപാർശ അത് അർഹിക്കുന്ന അവജ്ഞയോടെ അവഗണിക്കപ്പെടുകയും പരിത്യജിക്കപ്പെടുകയും ചെയ്യണം.

നിവേദനങ്ങളുടെ പകർപ്പ് കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനത്തിനും നല്കിയിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്ന് അനുഭാവപൂർവമുള്ള പ്രതികരണവും നടപടികളും ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.